ജി (1) 3836/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി : 15-10-2024

# നോട്ടീസ്

വിഷയം :- സഹകരണ വകുപ്പ് -മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ആർബിട്രേറ്റർമാരുടെ പാനൽ തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന :- കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ 24.02.2003 ലെ എസ്.ഒ.216 (ഇ) നമ്പർ നോട്ടിഫിക്കേഷൻ

2002 ലെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾക്ക് ടി നിയമത്തിലെ വകുപ്പ് 84 പ്രകാരവും 1996 ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്ട് അനുസരിച്ചും, പ്രസ്തുത സംഘങ്ങളുടെ മാനേജ് മെന്റ്, കോൺസ്റ്റിറ്റ്യൂഷൻ അല്ലെങ്കിൽ ബിസിനസ്സ് എന്നിവയുമായി ബന്ധപ്പെട്ടതും (ഒരു മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അതിന്റെ വേതനം പറ്റുന്ന ജീവനക്കാർക്കെതിരെ എടുക്കുന്ന അച്ചടക്ക നടപടിയോ അല്ലെങ്കിൽ 1947 ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വകുപ്പ് 2 (കെ) പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടോ ഒഴികെയുള്ളവ) ആയ തർക്കങ്ങൾ പരിഹരിക്കുന്നതിന്, 2002 ലെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4(2) ന്റെ അടിസ്ഥാനത്തിൽ സൂചന നോട്ടിഫിക്കേഷൻ പ്രകാരം 05.11.2024 മുതൽ ആർബിട്രേറ്റർമാരായി നിയമിക്കപ്പെടുന്നതിന് ചുവടെപ്പറയുന്ന യോഗ്യതയുള്ളവരുടെ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. മേൽ വ്യവസ്ഥകൾ പാലിക്കുന്നവർ ബന്ധപ്പെട്ട രേഖകൾ സഹിതം 30.10.2024 വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് രൂപീകരിക്കുന്ന ആർബിട്രേറ്റർമാരുടെ പാനലിൽ നിന്ന്, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി, സഹകരണ സംഘം രജിസ്ട്രാർ പ്രത്യേക ഉത്തരവ് മുഖേന ചുമതലപ്പെടുത്തുന്ന ആർബിട്രേറ്റർമാർ ടി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ആർബിട്രേഷൻ കേസുകൾ തീർപ്പാക്കി അവാർഡ് പുറപ്പെടുവിക്കേണ്ടതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന ആർബിട്രേറ്റർമാർക്കുള്ള പ്രതിഫലം ടി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ബന്ധപ്പെട്ട സംഘത്തിൽ നിന്നും ലഭിക്കുന്നതാണ്.

## മാനദണ്ഡങ്ങൾ

1. അപേക്ഷകൻ സംസ്ഥാന സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത തസ്തികയിൽ വിരമിച്ചവരായിരിക്കണം.
2. 05.11.2024 ന് അപേക്ഷകൻ വിരമിച്ച ശേഷം 20 മാസം കഴിയാൻ പാടുള്ളതല്ല.

മേൽ പ്രകാരമുള്ള പാനൽ ഓരോ മൂന്ന് മാസത്തിലും പുതുക്കുന്നതാണ്. ആർബിട്രേറ്റർമാരെ കേസുകൾ തീർപ്പാക്കുന്നതിന് നിയമിച്ച് ഉത്തരവാകുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ അന്തിമ തീർപ്പിന് വിധേയമായിരിക്കും.

വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിരമിച്ച തീയതി, തസ്തിക, വകുപ്പ് എന്നിവ വ്യക്തമാക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും നൽകേണ്ടതാണ്.

(ഒപ്പ്)

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. വെബ് സൈറ്റ് (www.co-operation.kerala.gov.in)
3. കരുതൽ ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)